**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2629** **13-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ മെഡിസെപ്പ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും എത്ര രൂപയാണ് ഈ പദ്ധതിയിലേക്ക് ഈടാക്കിയതെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് മെഡിസെപ് പദ്ധതി നടപ്പിലാക്കിയ ശേഷം ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും 73,72,14,500/- രൂപ പദ്ധതിയിലേക്ക് ഈടാക്കിയിട്ടുണ്ട്.** |
| (ബി) | ആശുപത്രികൾ മെഡിസെപ്പ് പദ്ധതിയിൽ ചേരുന്നില്ലായെങ്കിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മെഡിസെപ് പദ്ധതി പ്രകാരം ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ആണ് മാനദണ്ഡങ്ങളനുസരിച്ച് ആശുപത്രികളെ എംപാനൽ ചെയ്യുന്നത്. പദ്ധതിയുടെ മാനദണ്ഡപ്രകാരം ഓരോ ക്ലസ്റ്ററിലും ഉണ്ടായിരിക്കേണ്ട ആശുപത്രികളുടെ വിവരങ്ങൾ വിശദമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിർദ്ദിഷ്ട എണ്ണം ആശുപത്രികൾ പദ്ധതിയിൽ എംപാനൽ ചെയ്യുന്നുണ്ടെന്ന വിവരം സർക്കാർ പരിശോധിക്കുന്നുണ്ട്. കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് സർക്കാർ തലത്തിലും ഇടപെടലുകൾ നടത്തിവരുന്നു. |
| (സി) | ഈ പദ്ധതിയിൽ സർക്കാർ ജീവനക്കാരിൽ മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻനമ്പർ ലഭിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് മെഡിസെപ്പ് തുക പിടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി |

| | | | |
|---|---|---|---|
| | | | ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗിന്മേൽ മാതൃ വകുപ്പിൽ വ്യക്തതയും സുതാര്യതയും നിലനിർത്തുന്നതിന് വേണ്ടിയാണ് ഇവരുടെ പ്രീമിയം സ്പാർക്ക് വഴി കിഴിവ് ചെയ്യാത്തത്. |
| (ഡി) | ഇത്തരം ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സ്പാർക്കിൽ സൗകര്യമുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സ്പാർക്കിന്റെ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി ഉണ്ടാകുമോ; | (ഡി) | ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗിന്മേൽ മാതൃ വകുപ്പിൽ വ്യക്തതയും സുതാര്യതയും നിലനിർത്തുന്നതിന് വേണ്ടിയാണ് ഇവരുടെ പ്രീമിയം സ്പാർക്ക് വഴി കിഴിവ് ചെയ്യാത്തത്. |
| (ഇ) | ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഇ) | ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | | | മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗിന്മേൽ മാതൃ വകുപ്പിൽ വ്യക്തതയും സുതാര്യതയും നിലനിർത്തുന്നതിന് വേണ്ടിയാണ് ഇവരുടെ പ്രീമിയം സ്പാർക്ക് വഴി കിഴിവ് ചെയ്യാത്തത്. |
| (എഫ്) | ഇതു സംബന്ധിച്ച് ഫയൽ ധനകാര്യ വകുപ്പിൽ നിലവിലുണ്ടോ; സർക്കാർ സ്ഥാപനങ്ങൾ സ്പാർക്കിലേക്ക് ഇതുസംബന്ധിച്ച് നടപടിയ്ക്കായി ബന്ധപ്പെട്ടിട്ടും നടപടി സ്വീകരിക്കുവാൻ ഉണ്ടായ കാലതാമസം അറിയിക്കാമോ; വിശദമാക്കാമോ; | (എഫ്) | ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗിന്മേൽ മാതൃ വകുപ്പിൽ വ്യക്തതയും സുതാര്യതയും നിലനിർത്തുന്നതിന് വേണ്ടിയാണ് ഇവരുടെ പ്രീമിയം സ്പാർക്ക് വഴി കിഴിവ് ചെയ്യാത്തത്. |
| (ജി) | മുൻസിപ്പൽ കോർപ്പറേഷൻ ജീവനക്കാരെ സ്പാർക്കിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇവരെ അടിയന്തിരമായി സ്പാർക്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ജി) | മുനിസിപ്പൽ സെക്രട്ടറിമാർ ഒഴികെയുള്ള മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാർക്ക് സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് നേരിട്ട് ശമ്പളം നൽകാത്ത സാഹചര്യത്തിൽ അവരുടെ ശമ്പളം സ്പാർക്ക് വഴി നൽകാൻ കഴിയില്ല. എന്നാൽ 04/08/2020 -ലെ സ ഉ (അച്ചടി) നം.103/2020/ധന പ്രകാരം ഇത്തരത്തിലുള്ള ജീവനക്കാർക്ക് ജിസ്പാർക്ക് ബാധകമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ